(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.11 /1964 /2016 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം, തീയതി: 14.11.2016

Phone No: 0471-2331231, Email: lfadtvm@yahoo.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

കഠിനംകുളം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കഠിനംകുളം ഗ്രാമപഞ്ചായത്ത് - 2015-16-സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 -ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കഠിനംകുളം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.
ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദി കളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേ ണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1, 2)എന്നിവ കാണുക)
വിശ്വസ്തതയോടെ,
ഒപ്പ്.
ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

പകർപ്പ്:

1) ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം).

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.11 /1964 /2016 തീയതി: 14.11.2016

തിരുവനന്തപുരം ജില്ലയിലെ കഠിനംകുളം ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

ഓഡിറ്റ് റിപ്പോർട്ട്.

(1994 -ലെ കേരള പഞ്ചായത്ത് രാജ് നിയമം,വകുപ്പ് 215(4), 1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം,വകുപ്പ് 13, 1996-ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ കഠിനംകുളം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 17.06.2016 മുതൽ 20.10.2016 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അന്വേഷണ കുറിപ്പുകൾ 10 എണ്ണം നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടികൾ പരിഗണിച്ച ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളി ന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളു ടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരി ക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തി ന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ.ജമാലുദ്ദീൻ.എ (ഡെപ്യൂട്ടി ഡയറക്ടർ) ഓഡിറ്റിന് വിനിയോഗിച്ച സമയം : 21.10.2016മുതൽ 31.10.2016വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ : ശ്രീ.എ.നിസാമുദ്ദീൻ, (ഓഡിറ്റ് ഓഫീസർ)

ശ്രീ.രാജൻ വി.ഡി, (സീനിയർ ഗ്രേഡ് ഓഡിറ്റർ)

ശ്രീ.പ്രകാശ് കൃഷ്ണൻ,(സീനിയർ ഗ്രേഡ് ഓഡിറ്റർ)

ശ്രീമതി.സ്മിത പി.എസ്, (സീനിയർ ഗ്രേഡ് ഓഡിറ്റർ)

(ബി)നിർവ്വഹണാധികാരികൾ

പ്രസിഡന്റ് : ശ്രീമതി.ലീല ആന്റണി (01-04-2015 മുതൽ 30.09.15 വരെ)

ശ്രീ.അബ്ദുൽ വാഹിദ് (12-11-2015 മുതൽ 31.03.16 വരെ)

സെക്രട്ടറി : ശ്രീമതി.ആമിനാബായി (01-04-2015 മുതൽ 31.03.16 വരെ)

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.അനുപമ | 01-04-2015 മുതൽ 31.03.16 വരെ |
| മെഡിക്കൽ ഓഫീസർ (PHC) | ശ്രീ.ഗോഡ്ഫ്രേ ലോപ്പസ് | 01-04-2015 മുതൽ 31.03.16 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ശ്രീമതി.സൂസൻ | 01-04-2015 മുതൽ 31.03.16 വരെ |

| | | |
|---|---|---|
| വെറ്ററിനറി സർജൻ | ശ്രീ.അരുൺ | 01-04-2015 മുതൽ 31.03.16 വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി.സുജ എസ്. | 01-04-2015 മുതൽ 31.07.15 വരെ |
| | ശ്രീമതി.ബിന്ദു | 01-08-2015 മുതൽ 31.12.15 വരെ |
| | ശ്രീമതി.സരസ്വതി | 01-01-2016 മുതൽ 31.03.16 വരെ |
| വി.ഇ.ഒ I | ശ്രീ.രാജേഷ് തമ്പി | 01-04-2015 മുതൽ 31.03.16 വരെ |
| വി.ഇ.ഒ II | ശ്രീ.ഷിജാർ | 01-04-2015 മുതൽ 29.09.15 വരെ |
| | ശ്രീമതി.സീന | 30-09-2015മുതൽ 31.03.16 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.ശശികല | 01-04-2015 മുതൽ 31.03.16 വരെ |
| ഫിഷറീസ് ഇൻസ്പെക്ടർ | ശ്രീമതി.സോഫിയ | 01-04-2015 മുതൽ 31.03.16 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ.ഗോപാലകൃഷ്ണൻ ആശാരി | 01-04-2015 മുതൽ 31.3.16 വരെ |
| അസി.സെക്രട്ടറി | ശ്രീമതി.അജില.യു.എസ് | 01-04-2015 മുതൽ 31.3.16 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |

| | | | |
|---|---|---|---|
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം 2 | | |
| 12 | വസ്തു നികുതി കുടിശ്ശിക- 60,17,127/- രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. | 2-1 | |
| | ഭാഗം 3 | | |
| 13 | തെരുവ് വിളക്കുകളുടെ പരിപാലനം- പഞ്ചായത്തിന്റെ സമഗ്രമായ ഇടപെടലുകൾ അനിവാര്യം | 3-1 | |
| 14 | വിതരണ-വിനിയോഗവിവരം ലഭ്യമല്ല - ചെലവ് തുക 3,53,501/-രൂപ തടസ്സപ്പെടുത്തുന്നു. | 3-2 | |
| 15 | പ്രവർത്തിക്കാത്ത വൃദ്ധസദനത്തിന് വൈദ്യുതീകരണം - പാഴ്ച്ചെലവ് 1,19,900/-രൂ നിരാകരിക്കുന്നു. | 3-3 | |
| 16 | ആരോഗ്യ ഇൻഷ്വറൻസ് - തുക ഫലപ്രദമായി വിനിയോഗിക്കുന്നതിന് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല | 3-4 | |
| 17 | നിർവഹണോദ്യോഗസ്ഥർ ഫലപ്രദമായ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നില്ല. | 3-5 | |

| | | | |
|---|---|---|---|
| 18 | ചേരമാൻ തുരുത്ത് പാലം നിർമ്മാണം റോഡിന്റെ ഇരട്ടി വീതിയിൽ; നിർമ്മാണം മുടങ്ങിയതിനാൽ ലക്ഷ്യം കൈവരിച്ചില്ല. | 3-6 | |
| 19 | ചേരമാൻ തുരുത്ത് പാലം നിർമ്മാണം -റിട്ടൻഷൻ പിടിച്ചതിൽ കുറവ്. | 3-7 | |
| 20 | ആശ്രയ പദ്ധതി അവലോകനം | 3-8 | |
| | ഭാഗം 4 | | |
| 21 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 22 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 23 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 24 | വായ്പ/വായ്പ തിരിച്ചടവ് | 4-4 | |
| 25 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 26 | ഓഡിറ്റ് റിക്കവറി | 4-6 | |
| 27 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 28 | ഓഡിറ്റ് പ്രത്യവലോകനം | 4-8. | |
| 29 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9. | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 30.03.15 തീയതിയിലെ I(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. മുന്നിരിപ്പ് ഉൾപ്പെടെ 276841205/- രൂപ വരവും 214480748/-രൂപ ചെലവുമാണ് പ്രതീക്ഷിച്ചിരുന്നത്. എന്നാൽ യഥാർത്ഥ വരവ് 127696508/-രൂപയും (മുന്നിരിപ്പ് ഉൾപ്പെടെ) ചെലവ് 81355758/-രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 18.07.16 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ സമർപ്പിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ / തീയതി |
|---|---|---|
| - | | - |

(ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു)

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് : 68619501/-

വരവ് : 59077007/-

ആകെ : 127696508/-

ചെലവ് : 81355758/-

നീക്കിയിരിപ്പ് : 46340750/-

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 7382339 | 14735646 | 22117985 | 22042717 | - | 75268 |
| വികസനഫണ്ട് എസ്.സി.പി. | 3078332 | 6056297 | 6478933 | 6478933 | 2655696 | - |
| വികസനഫണ്ട് ടി.എസ്.പി. | 45000 | - | 45000 | - | 45000 | - |
| സംരക്ഷണഗ്രാന്റ് റോഡ് | 1986853 | 9284212 | 11271065 | 11271065 | - | - |
| സംരക്ഷണഗ്രാന്റ് നോൺ റോഡ് | 1875794 | 1284282 | 3160076 | 3160076 | - | - |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 5656949 | 9856030 | 9493504 | 9493504 | 6019475 | - |
| പെർഫോമൻസ് ഗ്രാന്റ് | 7945363 | 5558874 | 7488762 | 7488762 | 6015475 | - |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | 129913 | 17572595 | 17702508 | 17702443 | - | 65 |
| ബി ഫണ്ട് | - | 8482303 | 8482303 | 8482303 | - | - |
| ജനറൽ പർപ്പസ് ഗ്രാന്റ് | 26502885 | 11610596 | 38113481 | 8132131 | - | 29981350 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു:

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കി യത് | നടപ്പാ ക്കാത്തവ (എണ്ണം) | പൂർത്തീക രിച്ച പ്രോജ ക്ടുകളുടെ |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | (എണ്ണം) | | ശതമാനം |
| 163 | 104225285 | 110 | 67457695 | 18 | 35 | 64.7 |

# 1-7 തനതുവരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം |
|---|---|---|---|
| *നികുതി വരവുകൾ* | | | |
| വിനോദ നികുതി | 261110 | 331110 | +70000 |
| തൊഴിൽ നികുതി | 3995496 | 4101152 | +105656 |
| കെട്ടിട നികുതി | 5150406 | 4504069 | -646337 |
| *നികുതിയേതര വരവുകൾ* | | | |
| ലേലം (MARKET) | 391500 | 625000 | +233500 |
| ഷോപ്പിംഗ് കോംപ്ലക്സ് | 5988 | - | -5988 |
| ഡി&ഒ ലൈസൻസ് | 69100 | 87940 | +18840 |
| മറ്റ് വരവുകൾ | 3631794 | 21840712 | +18208918 |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു:

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 446160 | 335 |
| കർഷക തൊഴിലാളി പെൻഷൻ | 32460 | 36 |

| | | |
|---|---|---|
| വിധവാപെൻഷൻ | 2605040 | 1471 |
| വാർദ്ധക്യകാല പെൻഷൻ | 4105560 | 2019 |
| വികലാംഗ പെൻഷൻ | 811600 | 597 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 260000 | 8 |
| മറ്റുള്ളവ | 84480 | 597 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994 -ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.10.2016 രാവിലെ 10.25 മണിക്ക് സ്ഥാപനത്തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ കൈവശം പണബാക്കി ഇല്ലെന്ന് ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം.

തൊഴിൽനികുതി രജിസ്റ്ററുകൾ, ട്രേഡേഴ്സ് രജിസ്റ്ററുകൾ, തനതുവരുമാനത്തിന്റെ പ്രതീക്ഷിത വരവും യഥാർത്ഥ വരവും രേഖപ്പെടുത്തുന്ന രജിസ്റ്ററുകൾ, സ്റ്റോക്ക് രജിസ്റ്റർ മുതലായവ പഞ്ചായത്ത് രാജ് ചട്ടങ്ങൾ അനുശാസിക്കും പ്രകാരം തയ്യാറാക്കേണ്ടതും സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. വരുമാനങ്ങളുടെ നിജസ്ഥിതി ഉറപ്പാക്കുന്നതിനും അവ വർദ്ധിപ്പിക്കുന്നതിനും പ്രസ്തുത രജിസ്റ്ററുകൾ അനിവാര്യമാണ്.

ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ കാലികമാക്കി സൂക്ഷിക്കേണ്ടതും റോഡ് നിർമ്മാണ/ മെയിന്റനൻസ് പണികൾ ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ അനുസരിച്ച് മുൻഗണനാക്രമം പാലിച്ച് നിർവഹിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10.08.2016 – 11.08.2016 | 06/2016 - 07/2016 | 26.09.16 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29.09.2016 –17.10.2016 | 2012-13 – 2015-16 | ലഭിച്ചിട്ടില്ല. |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തു നികുതി കുടിശ്ശിക- 60,17,127/- രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ 2015-2016 വർഷത്തെ ഡി.സി.ബി പത്രിക പ്രകാരം വസ്തു നികുതിയിനത്തിൽ മുൻ വർഷങ്ങളിലെ കുടിശ്ശികയായ 32,19,996/- രൂപ ഉൾപ്പെടെ ആകെ 60,17,127/-രൂപ പിരിച്ചെടുക്കുവാൻ ബാക്കിയുണ്ട്. ഗ്രാമപഞ്ചായ ത്തിന്റെ തനതു വരുമാനത്തിന്റെ പ്രധാന സ്രോതസായ വസ്തുനികുതി, കുടിശ്ശിക യുൾപ്പെടെ പിരിച്ചെടുക്കുന്നതിന് ഭരണ സമിതി അടിയന്തിരമായി നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 തെരുവ് വിളക്കുകളുടെ പരിപാലനം - പഞ്ചായത്തിന്റെ സമഗ്രമായ ഇടപെടലുകൾ അനിവാര്യം

പദ്ധതി നം. - 160/16

നിർവഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ തുക - 2,50,000/-

ചെലവ് - 94,852/-

ചെക്ക് നം. – 1653134/18.3.16

2015-16 സാമ്പത്തിക വർഷം സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായുള്ള പദ്ധതി നമ്പർ 160/2016 -സ്ട്രീറ്റ് ലൈറ്റ് റിപ്പയർ ചാർജ് എന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ പരിഹരിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

*i) ഓട്ടോമാറ്റിക് തെരുവുവിളക്കുകൾ- മീറ്ററിംഗ് സംവിധാനമില്ല.*

സ.ഉ.നം 65529/ഡി.സി.3/12 തസ്വഭവ 12.03.2013 പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മീറ്ററിംഗ് സംവിധാനത്തോടുകൂടിയ ഓട്ടോമാറ്റിക് തെരുവുവിളക്കുകൾ സ്ഥാപിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പഞ്ചായത്തിലെ തെരുവു വിളക്കുകൾ പ്രവർത്തിപ്പിക്കുന്നതിനായി പ്രസ്തുത സംവിധാനം ഏർപ്പടുത്തിയിട്ടില്ല. യഥാർത്ഥ വൈദ്യുത ഉപഭോഗത്തിനായി ചെലവാക്കുന്ന തുകയുടെ കൃത്യത ഉറപ്പാക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2013-14, 2014-15, 2015-16 വർഷങ്ങളിൽ വൈദ്യുത ഉപഭോഗത്തിനായി ചെലവാക്കിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ചെലവായ തുക(രൂ) |
|---|---|
| 2013-14 | 1152107 |
| 2014-15 | 1219273 |

| | |
|---|---|
| 2015-16 | 1646833 |

*ii) രജിസ്റ്റർ പരിപാലനം, മോണിറ്ററിംഗ് സംവിധാനം എന്നിവ കാര്യക്ഷമമല്ല*

തെരുവുവിളക്കുകൾ യഥാവിധി പരിപാലിക്കുന്നതിനും അറ്റകുറ്റപണികൾ സമയബന്ധിതമായി നിർവഹിക്കുന്നതിനും ഉതകും വിധം വൈദ്യുത ഉപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കുകയും, ഓരോ വാർഡുകളിലും തെരുവുവിളക്കുകൾ സജ്ജമാക്കിയതിന്റെ രേഖകൾ പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ മോണിറ്ററിംഗ് റിപ്പോർട്ട് സഹിതം ആധികാരികമാക്കുകയും ചെയ്യേണ്ടതാണ്.

*iii) ടെണ്ടർ ക്ഷണിക്കാതെ കോൺട്രാക്ടർക്ക് പ്രവൃത്തി നൽകി*

2014-15 വർഷം സ്ട്രീറ്റ് ലൈറ്റ് റിപ്പയർ എന്ന പ്രവൃത്തിയ്ക്കായി കരാറിലേർ പ്പട്ടിരുന്ന ശ്രീ.അനിൽകുമാർ എന്ന കോൺട്രാക്ടർക്ക് തന്നെ 2015-16 വർഷവും പുതിയ കരാറുണ്ടാക്കാതെ പ്രവൃത്തി നൽകിയിട്ടുണ്ട്. പ്രവൃത്തികളുടെ നിർവഹണത്തിനായി കരാർ ചട്ടങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 1-.25.10.16) ജനങ്ങളുടെ പരാതി മൂലം അടിയന്തിരമായി ജോലി ഏൽപ്പിക്കേണ്ടിവന്നു എന്നുള്ള മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. ഒരു പദ്ധതി വിഭാവനം ചെയ്യുന്നതിനുള്ള അടിസ്ഥാന മാനദണ്ഡങ്ങൾ ഇവിടെ പാലിച്ചുകാണുന്നില്ല.

# 3-2 വിതരണ-വിനിയോഗവിവരം ലഭ്യമല്ല - ചെലവ് തുക 3,53,501/-രൂപ തടസ്സപ്പെടുത്തുന്നു.

പദ്ധതി നം - 162/16

പദ്ധതിയുടെ പേര് - ഗ്രാമകേന്ദ്രങ്ങൾക്ക് അടിസ്ഥാനസൗകര്യം ഒരുക്കൽ

അടങ്കൽ തുക - 5,75,000/-

ചെലവ് - 3,53,501/-

ചെക്ക് നം - 153456/31.3.16

2015-16 സാമ്പത്തിക വർഷം സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായുള്ള പദ്ധതി നമ്പർ 162/2016 മുഖേന ഗ്രാമകേന്ദ്രങ്ങൾക്ക് അടിസ്ഥാനസൗകര്യം ഒരുക്കൽ എന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട് 3,53,501/-രൂപ ചെലവഴിച്ച് 23 സ്റ്റീൽ അലമാരകളും 23സ്റ്റീൽ ടേബിളുകളും 115 കസേരകളും വാങ്ങിയിട്ടുണ്ട്. മേൽ പദ്ധതിയിലൂടെ വാങ്ങിയ ഫർണിച്ചർ ഗ്രാമകേന്ദ്രങ്ങൾക്ക് വിതരണം നടത്തിയതിന്റെ രേഖകളോ കൈപ്പറ്റു വിവരങ്ങളോ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവുതുക 3,53,501/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-3 പ്രവർത്തിക്കാത്ത വൃദ്ധസദനത്തിന് വൈദ്യുതീകരണം - പാഴ്ച്ചെലവ് - 1,19,900/-രൂപ നിരാകരിക്കുന്നു.

പദ്ധതി നം - 153/16 -

പദ്ധതിയുടെ പേര് - വൃദ്ധസദനത്തിന് വൈദ്യുതീകരണം

അടങ്കൽ തുക - 1,19,900/-

ചെലവ് - 1,19,900/-

ചെക്ക്നം. - 153454/31.3.16

ഗ്രാമപഞ്ചായത്തിലെ ശാന്തിപുരം വാർഡിൽ വെട്ടുതുറ എന്ന സ്ഥലത്ത് സ്ഥിതിചെയ്യുന്ന വൃദ്ധസദനത്തിന് വൈദ്യുതീകരണം നടത്തുന്നതിലേക്കായി 1,19,900/-രൂപ ചെലവ് ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെ ടി സ്ഥാപനം പ്രവർത്തിച്ചിട്ടില്ലാത്തതായി കാണുന്നു. കേവലം ഒരു നിഷ്ക്രിയ ആസ്തിയായി നിലകൊള്ളുന്ന ഈ സ്ഥാപനത്തിനായി തുക

വകയിരുത്തുകയും ചെലവ് ചെയ്യുകയും ചെയ്തിട്ടുള്ളത്, ശരിയായ ആസൂത്രണത്തോടെയല്ല പദ്ധതി നിർവഹണം നടത്തിയിട്ടുള്ളത് എന്നതിന്റെ ഉദാഹരണമാണ്. കൂടാതെ, സ്ഥാപനം കൈമാറിക്കിട്ടിയ അവസരത്തിൽ വൈദ്യുതീകരണസംവിധാനങ്ങൾ ഏർപ്പടുത്തിയിട്ടുണ്ടായിരുന്നുവോ എന്ന വിവരവും ഫയലിൽ സൂചിപ്പിച്ചിട്ടില്ല. അടിയന്തിരമായി നടപടി സ്വീകരിച്ച് സ്ഥാപനം പ്രവർത്തിപ്പിക്കേണ്ടതാണ്. അതുവരെ ഇതിനായി ചെലവഴിച്ച തുകയായ 1,19,900/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. നടപടി സ്വീകരിക്കാത്ത പക്ഷം സെക്രട്ടറിയുടെ ബാധ്യതയായി കണക്കാക്കി തുടർനടപടി സ്വീകരിക്കുന്നതാണ്.

## **3-4** ആരോഗ്യ ഇൻഷ്വറൻസ് - തുക ഫലപ്രദമായി വിനിയോഗിക്കുന്നതിന് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.

സ.ഉ.(എം.എസ്) നം. 01/06/തസ്വഭവ തീ. 03.01.2006, സ.ഉ.(എം.എസ്) നം. 10/06/തസ്വഭവ തീ. 13.01.2006 എന്നീ ഉത്തരവുകൾ പ്രകാരം ആരോഗ്യ ഇൻഷ്വറൻസ് നടപ്പിലാക്കാൻ വേണ്ടി പഞ്ചായത്തിലെ ദാരിദ്ര്യരേഖയ്ക്കുതാഴെയുള്ള കുടുംബങ്ങളിൽ നിന്നും 33/-രൂപ വീതവും, പ്രസ്തുത പദ്ധതിയിൽ താല്പര്യമുള്ള എ.പി.എൽ വിഭാഗത്തി ലുള്ള കുടുംബങ്ങളിൽ നിന്നും 450/-രൂപ വീതവും സി.ഡി.എസ് മുഖേന പിരിച്ചെടുത്ത് ഗുണഭോക്താക്കളിൽ നിന്നും ലഭിച്ച തുകയും, തത്തുല്യമായ പഞ്ചായത്ത് വിഹിതവും ചേർന്ന തുക ഇൻഡ്യൻ ബാങ്കിലെ 726660372-ാം നമ്പർ അക്കൗണ്ടിൽ ആരോഗ്യ ഇൻഷ്വറൻസ് ഇനത്തിൽ നിക്ഷേപിച്ചത് പലിശയുൾപ്പെടെ 591743/- രൂപ ഇപ്പോഴും ചെലവഴിക്കപ്പെടാതെ അവശേഷിക്കുന്നു. സർക്കാരിൽ നിന്ന് തുടർ നിർദേശമൊന്നും ലഭിക്കാത്തതിനാൽ നടപ്പിലാക്കാതെപോയ പദ്ധതിയിന്മേൽ കൈക്കൊള്ളേണ്ട നടപടികൾ സംബന്ധിച്ച് സർക്കാരിൽ നിന്ന് തീരുമാനം ലഭ്യമാക്കാൻ 2014-15 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ നിർദേശിച്ചിരുന്നെങ്കിലും അതിനായി നാളിതുവരെ പഞ്ചായത്ത് യാതൊരു നീക്കവും നടത്തിയിട്ടില്ല. ഇത് ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് കാണുന്നു. പ്രസ്തുത വിഷയത്തിന്മേൽ ഉടൻ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## **3-5** നിർവഹണോദ്യോഗസ്ഥർ ഫലപ്രദമായ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നില്ല.

പദ്ധതി നിർവ്വഹണത്തിൽ ഗ്രാമപഞ്ചായത്ത് അധികൃതർ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ട്. കാർഷിക മേഖലയിലെ പദ്ധതികൾക്ക് തൻവർഷം കൂടുതൽ പ്രാധാന്യം നൽകിയിട്ടില്ല. പശ്ചാത്തല മേഖലയിലെ പദ്ധതികൾ ഗുണഭോക്താക്കൾക്ക് പൂർണ്ണമായും പ്രയോജനപ്പെടുംവിധം നടപ്പിലാക്കേണ്ടതാണ്. കാർഷിക അഭിവൃദ്ധി ലക്ഷ്യമാക്കി 2015-16 സാമ്പത്തിക വർഷം അധികം പദ്ധതികളൊന്നും കൃഷി ഓഫീസർ നടപ്പിലാക്കിയിട്ടില്ലെന്നും പണം ചെലവഴിച്ചിട്ടില്ലെന്നും കാണുന്നു. വി.ഇ.ഒ, വെറ്റിനറി ഡോക്ടർ, മെഡിക്കൽ ഓഫീസർമാർ, ഫിഷറീസ് ഇൻസ്പെക്ടർ തുടങ്ങിയവരും ജനത്തിന് പ്രയോജനകരമായ കൂടുതൽ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ഫണ്ടിന്റെ ലഭ്യത ഉറപ്പാക്കിയും പ്രാഥമിക പഠനം നടത്തിയും പ്രായോഗികമായി നടപ്പിലാക്കാൻ കഴിയുന്ന പദ്ധതികൾക്ക് പ്രഥമ പരിഗണന നൽകേണ്ടതും, അംഗീകാരം ലഭ്യമാകുന്ന എല്ലാ പ്രോജക്ടുകളും സമയബന്ധിതമായി പൂർത്തിയാക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതുമാണ്.

## **3-6** ചേരമാൻ തുരുത്ത് പാലം നിർമ്മാണം റോഡിന്റെ ഇരട്ടി വീതിയിൽ; നിർമ്മാണം മുടങ്ങിയതിനാൽ ലക്ഷ്യം കൈവരിച്ചില്ല.

പ്രോജക്ട് നമ്പർ - 41/14-15 അടങ്കൽ- 2000000 (ധനകാര്യ കമ്മീഷൻ അവാർഡ്)

പ്രോജക്ട് നമ്പർ - 51/15-16 അടങ്കൽ- 2000000 (ധനകാര്യ കമ്മീഷൻ അവാർഡ്), 2000000 (ലോകബാങ്ക്)

ആകെ - 4000000

എഗ്രിമെന്റ് - AE/LSGD/KDKM/5/14-15 Dtd.3.12.14

കരാറുകാരൻ - എൻ.പവിത്രൻ

അളവ് പുസ്തകം - 526/14-15

ബിൽ നമ്പർ - 51/15-16Dt. 31.3.2016

ചേരമാൻ തുരുത്തിനെയും പെരുമാതുറയെയും തമ്മിൽ ബന്ധിപ്പിക്കുന്നതിനും അതിലൂടെ മെച്ചപ്പെട്ട ഗതാഗതം സാദ്ധ്യമാക്കുന്നതിനും വേണ്ടി ആവിഷ്കരിച്ച ചേരമാൻ തുരുത്ത് പാലം നിർമ്മാണം എന്ന പദ്ധതി ശരിയായ പഠനം നടത്താതെ എസ്റ്റിമേറ്റ് തയ്യാറാക്കിയതിലൂടെയും കൃത്യമായ മേൽനോട്ടം,മോണിറ്ററിംഗ് എന്നിവയുടെ അഭാവ ത്താലും അധികചെലവിന് കാരണമാകുകയും ലക്ഷ്യം കൈവരിക്കാതെയും വന്നു.

ചേരമാൻ തുരുത്തിനെയും പെരുമാതുറയെയും തമ്മിൽ ബന്ധിപ്പിക്കുന്നതിനും അതിലൂടെ മെച്ചപ്പെട്ട ഗതാഗതം സാദ്ധ്യമാക്കുന്നതിനും വേണ്ടി ആവിഷ്കരിച്ച ചേരമാൻ തുരുത്ത് പാലം നിർമ്മിക്കുന്നതിനായി 2014-15-ൽ ബഹുവർഷ പദ്ധതിയായി 4000000/-രൂപ അടങ്കൽ നിശ്ചയിച്ച് (പ്രോജക്ട് നമ്പർ 41/14-15, 2014-15-ലെ വിഹിതമായി ലോക ബാങ്ക് ധന സഹായം 2000000 രൂപ) എസ്റ്റിമേറ്റ് തയ്യാറാക്കി 12.11.2014 ൽ സാങ്കേതികാനുമതി ലഭ്യമാക്കിയിരുന്നു.പ്രബലിത സിമന്റ് കോൺക്രീറ്റ് ഉപയോഗിച്ചുള്ള അബട്ട്മെന്റ്, ബീം,കോൺക്രീറ്റ് സ്ലാബ്, കൈവരി,പെയിന്റിംഗ്എന്നിവ ഉൾപ്പെടെ പാലം പണിയുടെ പൂർണ്ണമായ എസ്റ്റിമേറ്റിനാണ് അനുമതി ലഭിച്ചത്. എസ്റ്റിമേറ്റ് നിരക്കിൽ പ്രവൃത്തി ചെയ്യുവാൻ ടെണ്ടർ സമർപ്പിച്ച കരാറുകാരനുമായി 3.12.14ൽ അസിസ്റ്റന്റ് എഞ്ചിനീയർ എഗ്രിമെന്റ് ഉറപ്പിക്കുകയും ചെയ്തു.

16.01.2015-ൽ തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജ് ജിയോ ടെക്നിക്കൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടിലൂടെ പാലം നിർമ്മാണത്തിന് പൈൽ നിർമ്മാണം ശുപാർശ ചെയ്യുകയും ആർച്ച് ബ്രിഡ്ജിനുള്ള ഡിസൈൻ തയ്യാറാക്കി നൽകുകയും ചെയ്തു. എഞ്ചിനീയറിംഗ് കോളേജിന്റെ പഠനത്തിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് പുതുക്കുവാൻ അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. റീകാസ്റ്റ് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 27.03.15-ൽ പണി ആരംഭിച്ചതായി അളവ് പുസ്തകത്തിൽ നിന്നും വ്യകതമാകുന്നു.പ്രവൃത്തി നടത്തിയ ശേഷവും, പഞ്ചായത്ത് തീരുമാനം കൈകൊള്ളുന്നതിനും മുൻപാണ് എസ്ററിമേറ്റ് റീകാസ്റ്റ് ചെയ്തത് എന്ന് ഇത് വ്യക്തമാക്കുന്നു.

പാലത്തിന്റെ അപ്രോച്ച് റോഡുകളായ (ഗ്രാമീണ ഇടറോഡുകൾ)പെരുമാതുറ റോഡിന് 3.5 മീറ്റർ വീതിയും ചേരമാൻ തുരുത്ത് റോഡിന് 3.8 മീറ്റർ വീതിയുമാണുള്ളത്. ഇവയെ ബന്ധിപ്പിക്കുന്നതിനുള്ള പാലത്തിന് എസ്റ്റിമേറ്റ് പ്രകാരം 6 മീറ്റർ വീതിയാണുള്ളത്. ഇതിന്റെ ആവശ്യം വിശദീകരിച്ചിട്ടില്ല. ആറ് മീറ്റർ വീതിയിൽ അപ്രോച്ച് റോഡിന് സ്ഥലം വിട്ടുനൽകിയ രേഖകൾ ലഭ്യമായിട്ടില്ല.റോഡിന് അനുയോജ്യവും ആവശ്യവുമായ രീതിയിൽ ആയിരുന്നില്ല എസ്റ്റിമേറ്റ് തയ്യാറാക്കിയത് എന്ന് ഇത് വ്യകതമാക്കുന്നു.ഫീസിബിലിറ്റി സ്റ്റഡി നടത്താതെ എസ്റ്റിമേറ്റ് തയ്യാറാക്കിയ ശേഷം സോയിൽ സ്റ്റഡി നടത്താൻ തീരുമാനിച്ചത് എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്യുവാൻ കാരണമായി.എന്നാൽ ആവശ്യകത ബോധ്യപ്പെടുത്താതെ ഡിസൈൻ രൂപകൽപന ഏൽപിച്ചതിനാൽ എഞ്ചിനീയറിംഗ് കോളേജ് തയ്യാറാക്കി നൽകിയ എസ്റ്റിമേറ്റിൽ പാലത്തിന്റെ വീതി ആറര മീറ്ററായി മാറ്റിയിട്ടുണ്ട്.എഞ്ചിനീയറിംഗ് കോളേജ് തയ്യാറാക്കിയ എസ്റ്റിമേറ്റ് ആർച്ച് ബ്രിഡ്ജിന്റെ പ്ലാനാണ്.ഇതനുസരിച്ച് തയ്യാറാക്കിയ എസ്റ്റിമേറ്റിൽ 4000000/-രൂപയ്ക്ക് പൈലിംഗും പൈൽ ക്യാപ്പിംഗും മാത്രമായി പരിമിതപ്പെടുത്തേണ്ടിവന്നു. 2015-16-ൽ പൈൽ നിർമ്മാണം മാത്രമേ പൂർത്തിയായുള്ളൂ. അളവ് പുസ്തകത്തിലെ രേഖപ്പെടുത്തൽ പ്രകാരം 24.2.16 നാണ് അവസാനം പ്രവൃത്തി നടന്നത്. 2016-17 ൽ 52-ാം നമ്പരായി തനത് ഫണ്ടിൽ നിന്നും 1166090/- സ്പിൽ ഓവറായി വകയിരുത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകൾക്ക് (7,9,10) മറുപടി ലഭ്യമാക്കിയിട്ടില്ല.
അധികൃതരുടെ അനാസ്ഥ കാരണം പാലം നിർമ്മാണം അനന്തമായി നീണ്ട് പോകുകയാണ്.ഡിസൈൻ പ്രകാരം പൈൽ ക്യാപ്പിന് പുറത്തായി അബട്ട്മെന്റ്,ഡെക്ക് സ്ലാബ്,വിംഗ് വാൾ എന്നിവ ഉൾപ്പെടുന്നു. ഇതിയായി ഇനിയും ഫണ്ട് വകയിരുത്തേ ണ്ടതുണ്ട്. കൃത്യമായ ഫീസിബിലിറ്റി പഠനത്തിന് ശേഷവും സൈറ്റ് കണ്ടീഷൻ പഠിച്ചതിന് ശേഷവും ആവശ്യകത അറിഞ്ഞും എസ്റ്റിമേറ്റ് തയ്യാറാക്കി പദ്ധതിയുമായി മുന്നോട്ട് പോയിരുന്നെങ്കിൽ റോഡിന്റെ അളവിനനുസരിച്ചുള്ള പാലം പണി ലഭ്യമായ ഫണ്ട് ഉപയോഗിച്ച് 2015-16 ൽ പൂർത്തിയാക്കുവാൻ കഴിയുമായിരുന്നു. പഞ്ചായത്ത് ഭരണ സമിതിയും എഞ്ചിനീയിംഗ് വിഭാഗവും കാര്യക്ഷമതയോടെയും സൂക്ഷ്മതയോടെയും പ്രവൃത്തിക്കാതിരുന്നത് പൊതുജനങ്ങൾക്ക് അസൗകര്യവും പഞ്ചായത്ത് ഫണ്ടിന് ധൂർത്തും വരുത്തിവച്ചു.പരമാവധി സാമ്പത്തിക മിതത്വവും ഗുണമേന്മയും ഉറപ്പ് വരുത്തിക്കൊണ്ട് പ്രവൃത്തി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-7 ചേരമാൻ തുരുത്ത് പാലം നിർമ്മാണം -റിട്ടൻഷൻ പിടിച്ചതിൽ കുറവ്.

പ്രോജക്റ്റ് നമ്പർ - 41/14-15 അടങ്കൽ-2000000 (ധനകാര്യ കമ്മീഷൻ അവാർഡ്)

പ്രോജക്റ്റ് നമ്പർ - 51/15-16 അടങ്കൽ- 2000000 (ധനകാര്യ കമ്മീഷൻ അവാർഡ് ), 2000000 (ലോകബാങ്ക്)

ആകെ - 4000000

എഗ്രിമെന്റ് - AE/LSGD/KDKM/5/14-15 Dtd.3.12.14

കരാറുകാരൻ - എൻ. പവിത്രൻ

അളവ് പുസ്തകം - 526/14-15

ബിൽ നമ്പർ - 51/15-16Dt. 31.3.2016

പാലം നിർമ്മാണത്തിന്റെ കരാറുകാരന് പാർട്ട് ബിൽ അനുവദിച്ചപ്പോൾ റിട്ടൻഷൻ ഇനത്തിൽ 2833910 രൂപയുടെ പ്രവൃത്തി മൂല്യത്തിൽ നിന്നും 170037 രൂപ നികുതിയും 2.5% റിട്ടെൻഷൻ 70848/-രൂപയും കുറച്ച് 2593025/-രൂപ കരാറുകാരന് പാർട്ട് ബിൽ അനുവദിച്ചു.10% റിട്ടെൻഷൻ ആയ283391യ്ക്ക് പകരം 2.5% കുറഞ്ഞപ്പോൾ കരാറുകാരന് 212543/-രൂപ നൽകി.എന്നാൽ ഇതിന് അംഗീകാരം ലഭ്യമായിരുന്നില്ല.ഇതിൽ 2000000/-രൂപ ലോക ബാങ്ക് വിഹിതം നൽകിയപ്പോൾ ബാക്കി തുക 833910/-രൂപ തനത് ഫണ്ടിൽ നിന്നും നൽകി.എന്നാൽ തനത് ഫണ്ടിൽ നിന്നും ചെലവ് ചെയ്യാൻ അംഗീകാരം ലഭ്യമായിരുന്നില്ല .

## 3-8 ആശ്രയ പദ്ധതി അവലോകനം

അഗതികളുടെ സംരക്ഷണം ലക്ഷ്യമിട്ട് 2013-2016കാലയളവിൽ നടപ്പിലാക്കാൻ ഉദ്ദേശിച്ച ആശ്രയ പദ്ധതി (ബഹുവർഷ പദ്ധതി) പ്രവർത്തനങ്ങളുടെ ഭാഗമായി കഠിനംകുളം പഞ്ചായത്തിൽ പദ്ധതിയിൻകീഴിൽ 176 ഗുണഭോക്താക്കളാണുള്ളത്. 85 പേർ വീട് ആവശ്യമുള്ളവരായുണ്ടെങ്കിലും നാളിതുവരെ ആർക്കും ഭവനം ലഭിച്ചിട്ടില്ല. 34 പേർക്ക് വീട് പുനരുദ്ധാരണം ചെയ്തുകിട്ടിയിട്ടുണ്ട്. അർഹരായ എല്ലാ ആശ്രയ ഗുണഭോക്താക്കൾക്കും പദ്ധതിയുടെ ഗുണഫലങ്ങൾ ലഭ്യമാകുന്നുവെന്ന് ഉറപ്പു വരുത്തേണ്ടതും ചലഞ്ച് ഫണ്ട് കാര്യക്ഷമമായി ഉപയോഗിക്കേണ്ടതുമാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം./ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.ഡബ്ല്യു. എ | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | - | 500000 | 500000 | - |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

| ക്രമ നം. | കൺവീനറുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ നം./ചെക്ക് നം. | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|---|
| ഇല്ല | | | | | | |

## 4-4 വായ്പ /വായ്പ തിരിച്ചടവ് മുതൽ പലിശ ഇ.എം. എസ്.ഭവന പദ്ധതി 8/10/ems/cc/ tvpm dt.20.01.10 20350500 8406900 3000000 - 5406900 4-5 സ്ഥിരനിക്ഷേപങ്ങൾ

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം. എസ്.ഭവന പദ്ധതി | 8/10/ems/cc/ tvpm dt.20.01.10 | 20350500 | 8406900 | 3000000 | - | 5406900 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 5000000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 5000000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |

| | |
|---|---|
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 5000000 |

*വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം*

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| അക്കൗണ്ട് നം. 6422662757, ഇൻഡ്യൻ ബാങ്ക്, പുത്തൻതോപ്പ്. | 5000000 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം.

ഇല്ല.

## 4-8 ഓഡിറ്റ് പ്രത്യവലോകനം

*(എ) സംക്ഷിപ്ത വിവരം*

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 127696508/- (മുന്നിരിപ്പ് ഉൾപ്പെടെ) |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 81355758/- |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 473401/- |

*(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം*

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |

| | | | |
|---|---|---|---|
| | | ഇല്ല | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3.2 | 3,53,501/- | ശ്രീമതി.ആമിനാബായി, സെക്രട്ടറി |
| 3.3 | 1,19,900/- | ,, |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ആമിനാബായി<br>സെക്രട്ടറി. | സെക്രട്ടറി,<br>കഠിനംകുളം ഗ്രാമപഞ്ചായത്ത് | സമീന മൻസിൽ, ചിറ്റാറ്റുമുക്ക് പി.ഒ |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 2000-01 | നം.എൽ.എഫ്.റ്റി.ഡി. ജി.പി.7.899/02 തീ.25.06.2014 | - |
| 2001-02 | നം.എൽ.എഫ്.റ്റി.ഡി. ജി.പി.7.257/04 തീ.25.06.2014 | - |
| 2002-03 | നം.എൽ.എഫ്.റ്റി.ഡി. ജി.പി.7.703/08 തീ.25.06.2014 | - |
| 2003-04 | നം.എൽ.എഫ്.റ്റി.ഡി. ജി.പി.7.708/08 തീ.19.04.2014 | - |

| | | |
|---|---|---|
| 2004-05 | നം.എൽ.എഫ്.റ്റി.ഡി. ജി.പി.7.380/09 തീ.22.09.2009/09.02.2010 | - |
| 2005-06 | നം.എൽ.എഫ്.റ്റി.ഡി. ജി.പി.7.381/09 തീ.05.10.2009/09.02.2010 | - |
| 2006-07 | നം.എൽ.എഫ്.റ്റി.ഡി. ജി.പി.11.326/10 തീ.13.06.2011 | - |
| 2007-08 | നം.എൽ.എഫ്.റ്റി.ഡി. ജി.പി.11.327/10 തീ.03.12.2013 | - |
| 2008-09 | നം.എൽ.എഫ്.റ്റി.ഡി. ജി.പി.11.2101/11 തീ.28.06.2012 | |
| 2009-10 | നം.എൽ.എഫ്.റ്റി.ഡി. ജി.പി.11.2101/11 തീ.25.04.2013 | - |
| 2010-11 | നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.11.2266/11 തീ.18.12.2015 | - |
| 2011-12 | നം.എൽ.എഫ്.റ്റി.ഡി. ജി.പി.11.1108/13 തീ.09.06.2015 | - |
| 2012-13 | നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.11.1341/14 തീ.18.12.2015 | - |
| 2013-14 | നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.11/264/16 തീ.16.03.2016 | - |
| 2014-15 | നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.11/1234/16 തീ.21.07.2016 | - |

ഒപ്പ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

അനുബന്ധം 1

ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി

കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ കഠിനംകുളം ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രികകൾ പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങളും തഴെ പറയുന്ന അപാകങ്ങളും ഒഴികെ, കഠിനംകുളം ഗ്രാമപഞ്ചായത്തിന്റെ 2015-16-ലെ വാർഷിക ധനകാര്യ പത്രിക, വരവ് - ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

അപാകങ്ങൾ

1. സംരക്ഷണ ഗ്രാന്റ് (റോഡ്)-എ.എഫ്.എസ്. പ്രകാരം 9293598/-രൂപയും എസ്. എഫ്.സി പ്രകാരം 9284212/-രൂപയുമാണ് തൻവർഷ വരവ്.

2. സംരക്ഷണ ഗ്രാന്റ് (നോൺ-റോഡ്) - തൻവർഷ വരവ് എസ്.എഫ്.സി പ്രകാരം 1284282/-രൂപയും എ.എഫ്.എസ്. പ്രകാരം 1274896/-രൂപയുമാണ്.

3. ജനറൽ പർപ്പസ് ഗ്രാന്റ് - എ.എഫ്.എസ് അനുസരിച്ച് 11492720/-രൂപയും എസ്. എഫ്.സി അനുസരിച്ച് 11610596/-രൂപയുമാണ് തൻവർഷ വരവ്.

4. വികസന ഫണ്ട് (പൊതുവിഭാഗം) - എസ്.എഫ്.സി അനുസരിച്ച് തൻവർഷ വരവ് 14735646/- രൂപയാണ്. എന്നാൽ എ.എഫ്.എസ്.-ൽ അത് ഉൾപ്പെടുത്തി കാണുന്നില്ല.

ഒപ്പ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.